**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 109 — 26.02.2018 ൽ മറുപടിയ്ക്ക്

**സാഹിത്യകാരനെ കയ്യേറ്റം ചെയ്ത സംഭവം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോൺ ഫെർണാണ്ടസ്**<br>**ശ്രീ. എം. മുകേഷ്**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. എൻ. വിജയൻ പിള്ള** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) എഴുത്തുകാരെയും ജനകീയ കലാ പ്രവർത്തകരെയും ആക്രമിച്ച് ജനങ്ങളിൽ ഭീതി പടർത്തി പിന്തിരിപ്പൻ ആശയങ്ങൾ പ്രചരിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ രാജ്യത്താകെ ആക്രമണം നടത്തുന്ന വർഗ്ഗീയ ശക്തികൾ സംസ്ഥാനത്ത് തങ്ങളുടെ ആശയങ്ങളെ എതിർത്ത സാഹിത്യകാരനെ കൈയ്യേറ്റം ചെയ്ത സംഭവത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) പ്രസിദ്ധ സാഹിത്യകാരൻ ശ്രീ. കരീപ്പുഴ ശ്രീകുമാറിനെ ഇട്ടിവ പഞ്ചായത്തിലെ വടക്കേ കോട്ടുക്കൽ ബി.ജെ.പി. വാർഡ് മെമ്പർ ദീപുവും ആർ.എസ്.എസ്/ബി.ജെ.പി. അനുഭാവികളും ചേർന്ന് കയ്യേറ്റം ചെയ്തതിന് കടയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം: 216/2018 u/s 143, 147, 341, 294(b), 506(1) & 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളായ ദീപു, സജിത്, ലൈജു, ശ്യാം, കിരൺ, മനു എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ടി കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |
| (ബി) എതിർ ശബ്ദങ്ങളെ നിശബ്ദരാക്കാൻ നടത്തുന്ന ബോധപൂർവ്വമായ പ്രവർത്തനങ്ങൾ തടയാൻ കർശന നടപടികൾ ഉണ്ടാകുമോ; | (ബി) കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) വിയോജനാഭിപ്രായം രേഖപ്പെടുത്തുന്നവരെ രാജ്യദ്രോഹികളെന്ന് മുദ്രചാർത്തി ഭീഷണിപ്പെടുത്തുന്നതിനെതിരെ നടപടി സ്വീകരിക്കുവാനും അന്ധവിശ്വാസവും അനാചാരവും അവസാനിപ്പിക്കുന്നതിനായി അന്ധവിശ്വാസ നിർമാർജ്ജന നിയമം രൂപീകരിക്കുവാനും തയ്യാറാകുമോ എന്ന് വെളിപ്പെടുത്താമോ? | (സി) പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**